ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 20.06.2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ഒഡീഷയിൽ 47000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും സംയുക്തമായി തുടക്കം കുറിക്കും.

   **President Droupadi Murmu and Prime Minister Narendra Modi to jointly launch development projects worth 47,000 crore rupees in Odisha today.**

2. പി.എം കിസാൻ പദ്ധതിയുടെ ഇരുപത്തിമൂന്നാമത് ഗഡു ഇന്ന് പശ്ചിമ ബംഗാളിൽ പ്രധാനമന്ത്രി വിതരണം ചെയ്യും.

   **Prime Minister to release the 23rd instalment of PM-KISAN scheme in West Bengal today.**

3. നീറ്റ്-യു.ജി പുനഃപരീക്ഷ നാളെ. പരീക്ഷ സുതാര്യമായി നടത്തുന്നതിന് എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി.

   NEET-UG re-examination tomorrow; NTA says all preparations complete for a transparent conduct of the exam.

4. അന്താരാഷ്ട്ര യോഗാ ദിനാഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം ; നാളെ മധ്യപ്രദേശിൽ രാഷ്ട്രപതിയും കൊൽക്കത്തയിൽ പ്രധാനമന്ത്രിയും നേതൃത്വം നൽകും.

   Nation gears up for International Yoga Day; President to lead celebrations in Madhya Pradesh and Prime Minister in Kolkata tomorrow.

5. കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

   Isolated heavy rainfall to continue in Kerala; Yellow alert issued for Wayanad and Kannur districts today.

6. ഇന്ത്യ-അഫ്ഗാനിസ്ഥാൻ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം അല്പസമയത്തിനകം.

   Final ODI match of the India-Afghanistan cricket series to begin shortly.

*******************

**<u>PREZ ODISHA VISIT</u>**

രാഷ്ട്രപതി ദ്രൗപദി മുർമു തന്റെ സ്വദേശമായ ഒഡീഷയിലെ മയൂർഭഞ്ജ് ജില്ലയിലുള്ള പഹാഡ്പൂരിലെത്തി. ഒഡീഷ ഗവർണർ, മുഖ്യമന്ത്രിയും ചേർന്ന് രാഷ്ട്രപതിയെ സ്വീകരിച്ചു. ശ്രീമതി മുർമുവിൻറെ 68-ാംാം ജന്മദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി പഹാഡ്പൂരിലെത്തി. പ്രധാനമന്ത്രിക്കൊപ്പം സ്വന്തം ഗ്രാമം സന്ദർശിക്കുന്ന രാഷ്ട്രപതി, അവിടെ വിവിധ പരിപാടികളിൽ പങ്കെടുക്കുകയാണ്. ഒഡീഷ സർക്കാരിന്റെ രണ്ടാം വാർഷികാഘോഷ ചടങ്ങുകളിലും ഇരുവരും സംബന്ധിക്കും. ഊർജം, അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം, വിദ്യാഭ്യാസം, ജലസേചനം തുടങ്ങിയ

മേഖലകളിലായി നാൽപ്പത്തിയേഴായിരത്തിൽ അധികം കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും ചടങ്ങിൽ നടക്കും.

*******************

## PREZ WISH

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ 68-ാം ജന്മദിനത്തിൽ ആശംസകൾ അറിയിച്ച് ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ. പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനായി എല്ലായ്‌പോഴും പ്രവർത്തിക്കുന്ന വ്യക്തിയാണ് ശ്രീമതി മുർമുവെന്ന് ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ സമൂഹമാധ്യമത്തിൽ കുറിച്ചു. ധീരത, ലാളിത്യം, വിനയം, പൊതുസേവനത്തോടുള്ള പ്രതിബദ്ധത എന്നിവയാൽ അടയാളപ്പെടുത്തിയ രാഷ്ട്രപതിയുടെ ജീവിതയാത്ര രാജ്യത്തെ പൗരന്മാർക്ക് പ്രചോദനം നൽകുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു.

*******************

## PM-ODISHA WB VISIT

ഒഡീഷ സന്ദർശനത്തിനു ശേഷം പശ്ചിമ ബംഗാളിലെത്തുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി താരകേശ്വറിൽ നടക്കുന്ന പശ്ചിമബംഗാ ദിവസ് ആഘോഷങ്ങളിൽ പങ്കെടുക്കും. രണ്ട് ദിവസത്തെ സന്ദർശനത്തിനിടെ അദ്ദേഹം, നിരവധി വികസന പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിക്കുകയും തറക്കല്ലിടുകയും ചെയ്യും. കൊൽക്കത്തയിലെ ശ്യാമ പ്രസാദ് മുഖർജി തുറമുഖത്ത് തദ്ദേശീയമായി രൂപകൽപ്പന ചെയ്ത മൂന്ന് നാവിക കപ്പലുകളും അദ്ദേഹം കമ്മീഷൻ ചെയ്യും.

*******************

## PM-KISAN

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പശ്ചിമ ബംഗാളിലെ താരാകേശ്വറിൽ നിന്ന് പി.എം കിസാൻ പദ്ധതിയുടെ ഇരുപത്തിമൂന്നാമത് ഗഡു വിതരണം ചെയ്യും. രാജ്യത്തെ ഒമ്പത് കോടി നാൽപ്പത്തിനാല് ലക്ഷത്തിലധികം കർഷകരുടെ അക്കൗണ്ടുകളിലേക്ക്

പതിനെണ്ണായിരത്തി എണ്ണൂറ്റി എൺപത് കോടിയിലധികം രൂപയാണ് നേരിട്ട് കൈമാറുന്നത്.

*******************

## NTA-EXAM PREPAREDNESS (INTRO)

നാളെ നടക്കുന്ന നീറ്റ്-യു.ജി പുനഃപരീക്ഷയ്ക്ക് മുന്നോടിയായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഇന്ന് രാജ്യവ്യാപകമായി മോക്ക് ഡ്രിൽ നടത്തുന്നു. പരീക്ഷ സുരക്ഷിതവും സുതാര്യവുമായി നടത്തുന്നതിനുള്ള ഒരുക്കങ്ങളുടെ ഭാഗമായാണ് മോക്ക് ഡ്രിൽ. **വിശദാംശങ്ങളിലേക്ക്...**

(ഹോൾഡ്-വോയ്സ്)

*നീറ്റ്-യു.ജി പുനഃപരീക്ഷ സുതാര്യവും സുഗമവുമായി നടത്തുന്നതിനായി എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു. ഇന്ത്യയിലെ 551 നഗരങ്ങളിലും വിദേശത്തെ 14 നഗരങ്ങളിലുമായി 22 ലക്ഷത്തി എഴുപത്തൊമ്പതിനായിരത്തിലധികം (22.79 Lakh) ഉദ്യോഗാർത്ഥികളാണ് നാളെ പരീക്ഷ എഴുതുന്നത്. പരീക്ഷാ നടത്തിപ്പിനായി ഒബ്സർവർമാർ, കോർഡിനേറ്റർമാർ, പോലീസ് ഉദ്യോഗസ്ഥർ, അഡ്മിനിസ്ട്രേറ്റർമാർ എന്നിവരുൾപ്പെടെ രണ്ട് ലക്ഷത്തിലധികം ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്. പരീക്ഷാ സാമഗ്രികൾ കൊണ്ടുപോകുന്നതിനായി പോലീസ് സുരക്ഷയോടെയുള്ള ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങൾ, സി.സി.ടി.വി നിരീക്ഷണം, ബയോമെട്രിക് പരിശോധന എന്നിവയടങ്ങുന്ന ബഹുതല സുരക്ഷാ സംവിധാനമാണ് എൻ.ടി.എ ഒരുക്കിയിരിക്കുന്നത്. നാളെ ഉച്ചയ്ക്ക് 2 മണി മുതൽ വൈകിട്ട് 5:15 വരെ ഓഫ്‌ലൈൻ രീതിയിലാണ് പരീക്ഷ നടക്കുക.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

*******************

## YOGA

അന്താരാഷ്ട്ര യോഗാ ദിനത്തിനുള്ള വിപുലമായ ഒരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. കൊൽക്കത്തയിൽ നാളെ നടക്കുന്ന യോഗ ദിനാചരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ" എന്നതാണ് ഇത്തവണത്തെ യോഗ ദിനാചരണ പ്രമേയം.

*******************

## PREZ -YOGA DAY

അന്താരാഷ്ട്ര യോഗാ ദിനാചരണത്തിന്റെ ഭാഗമായി മധ്യപ്രദേശിലെ ജബൽപൂരിൽ നാളെ നടക്കുന്ന സംസ്ഥാനതല ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും. റാണി ദുർഗ്ഗാവതി സർവകലാശാലയിലെ മുപ്പത്തിയാറാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി മുഖ്യാതിഥിയാകും.

*******************

## Yoga-organisations

പന്ത്രണ്ടാമത് അന്താരാഷ്ട്ര യോഗാ ദിനാചരണത്തിന് മുന്നോടിയായി കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ 'യോഗ സംഗമം' പോർട്ടലിൽ രജിസ്റ്റർ ചെയ്ത സംഘടനകളുടെ എണ്ണം ആറ് ലക്ഷം കവിഞ്ഞു. നാളെ നടക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യോഗാ ദിന പരിപാടിക്കൊപ്പം രാജ്യത്തുടനീളമുള്ള വിവിധ സംഘടനകളും ഒരേസമയം യോഗ ചെയ്യും. യോഗ സംഗമം' പരിപാടിയിൽ രാജ്യത്തെ 778 ജില്ലകളിലെ വിവിധ സംഘടനകൾ ഇതിനോടകം രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

*******************

## Swachhata Pakhwada

സ്വച്ഛ് ഭാരത് ദൗത്യം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ കേന്ദ്ര സർക്കാർ മന്ത്രാലയങ്ങളിലും വകുപ്പുകളിലും ശുചിത്വ കാമ്പെയ്നായ സ്വച്ഛ്ത പഖ്വാഡ ആചരിക്കുന്നു. ബഹുജന ശുചിത്വ പരിപാടികൾ, സ്വച്ഛ്ത പ്രതിജ്ഞകൾ, അവബോധ

മത്സരങ്ങൾ തുടങ്ങിയവ ഇതിൻറെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.

*******************

## CENSUS

സംസ്ഥാനത്ത് സെൻസസ് 2027 ൻറെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ മാസം അവസാനം വരെ നീളുന്ന സെൽഫ് എന്യൂമറേഷന് se.census.gov.in എന്ന പോർട്ടലിലൂടെ വിവരങ്ങൾ സമർപ്പിക്കാം. ഹിന്ദി, ഇംഗ്ലീഷ് കൂടാതെ പതിനാല് ഇന്ത്യൻ ഭാഷകളിൽ ഈ സൗകര്യം ലഭ്യമാണ് .

*******************

## RAIN

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ എട്ട് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള, -ലക്ഷദ്വീപ് തീരങ്ങളിൽ നാളെയും മറ്റന്നാളും കർണാടക തീരത്ത് നാളെ മുതൽ ചൊവ്വാഴ്ചവരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

*******************

## GOVT - 12 YEARS - EMPOWERED INDIA (intro)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിന് കീഴിൽ, കഴിഞ്ഞ 12 വർഷമായി ' ഏവർക്കുമൊപ്പം ഏവരുടെയും വികസനം' എന്ന തത്വത്തിലൂന്നി രാജ്യം വൻ വികസനക്കുതിപ്പാണ് കൈവരിച്ചിരിക്കുന്നത്. പാവപ്പെട്ടവർ, കർഷകർ, സ്ത്രീകൾ, യുവാക്കൾ എന്നിവരുടെ ക്ഷേമത്തിനും ശാക്തീകരണത്തിനുമായി ഈ കാലയളവിൽ നിരവധി മുൻനിര പദ്ധതികളാണ് മോദി സർക്കാർ നടപ്പിലാക്കിയത്.

ഒറു റിപ്പോർട്ട്....

(ഹോൾഡ്-വോയ്സ്)

*"കഴിഞ്ഞ 12 വർഷത്തിനിടയിൽ, ഇന്ത്യയുടെ ഹൈടെക് മേഖലയിൽ വലിയൊരു ഘടനാപരമായ മാറ്റം കൊണ്ടുവരാൻ കേന്ദ്ര സർക്കാരിന് സാധിച്ചിട്ടുണ്ട്. ശാക്തീകരിക്കപ്പെട്ട ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് സ്തംഭങ്ങളാണ് സെമികണ്ടക്ടർ വ്യവസായ മേഖലയുടെ വികാസവും ബഹിരാകാശ സ്റ്റാർട്ടപ്പുകളുടെ വളർച്ചയും. 2021 ഡിസംബറിലാണ് 76,000 കോടി രൂപയുടെ നിക്ഷേപത്തോടെ 'ഇന്ത്യ സെമികണ്ടക്ടർ മിഷൻ' ആരംഭിച്ചത്. തുടർന്ന്, 1,000 കോടി രൂപയുടെ ധനസഹായത്തോടെ 'സെമികണ്ടക്ടർ മിഷൻ 2.0' സർക്കാർ പ്രഖ്യാപിച്ചു. 2023-ലെ ഇന്ത്യൻ ബഹിരാകാശ നയം ഉപഗ്രഹ വിക്ഷേപണം ഉൾപ്പെടെയുള്ള ബഹിരാകാശ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സ്വകാര്യ മേഖലയ്ക്ക് അനുമതി നൽകി. ഇതിന് പിന്നാലെ, 2014-ൽ കേവലം ഒന്നായിരുന്ന ബഹിരാകാശ സ്റ്റാർട്ടപ്പുകളുടെ എണ്ണം ഇന്ന് നാനൂറിലധികമായി ഉയർന്നു. നിലവിൽ 8.4 ബില്യൺ ഡോളർ മൂല്യമുള്ള ഇന്ത്യയുടെ ബഹിരാകാശ സമ്പദ്‌വ്യവസ്ഥ അടുത്ത എട്ട്-പത്ത് വർഷത്തിനുള്ളിൽ 40 മുതൽ 45 ബില്യൺ ഡോളറായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ന്യൂസ് ഡെസ്ക് ആകാശവാണി.*

*******************

## PADMA AWARD

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യും. സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് കെ. ടി. തോമസിന് പദ്മവിഭൂഷണും, നടൻ മമ്മൂട്ടിക്ക് പദ്മഭൂഷണും സമ്മാനിക്കും.

*******************

## CRICKET IND VS AFG

ഇന്ത്യ-അഫ്ഗാനിസ്ഥാൻ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന്

ഉച്ചയ്ക്ക് 1:30 ന് ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിൽ നടക്കും. ആതിഥേരായ ഇന്ത്യ ഇതിനോടകം 2-0 ന് പരമ്പര ഉറപ്പിച്ചു.

*******************

## Fifa updated

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഗ്രൂപ്പ് ഡി മത്സരത്തിൽ പരാഗ്വെ തുർക്കിയെയും , അമേരിക്ക ഓസ്ട്രേലിയയെയും പരാജയപ്പെടുത്തി. ഗ്രൂപ്പ് സി യിൽ ബ്രസീൽ ഹെയ്തിയെ 3-0 നു പരാജയപ്പെടുത്തി. അതെ സമയം നേരത്തെ നടന്ന മത്സരത്തിൽ ഏകപക്ഷീയമായ ഒരു ഗോളിന് മൊറോക്കോ സ്കോട്ലൻഡിനെ തോൽപിച് ഗ്രൂപ്പ് സി യിൽ രണ്ടാമതെത്തി, ബ്രസീൽ ആണ് ഒന്നാമത്.

*******************

## SEBI- new

സാമ്പത്തിക മേഖലയിൽ നിർണ്ണായക പരിഷ്കാരങ്ങൾക്ക് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ അംഗീകാരം നൽകി. ഇന്നലെ മുംബൈയിൽ ചേർന്ന 214-ാമത് സെബി യോഗത്തിലാണ് തീരുമാനം.

വിപണി കാര്യക്ഷമത മെച്ചപ്പെടുത്തുക , പരാതി-പരിഹാര പ്രക്രിയ ലഘൂകരിക്കുക, നിയന്ത്രണ ചട്ടക്കൂടുകൾ ശക്തിപ്പെടുത്തുക എന്നിവയാണ് പ്രധാന തീരുമാനങ്ങൾ . കൂടാതെ മരണപ്പെട്ട നിക്ഷേപകരുടെ പേരിലുള്ള അവകാശവാദ നടപടികളും സെബി ലളിതമാക്കി.

*******************

## Shigella

കേരളത്തിൽ ഇന്നലെ 10 ഷിഗെല്ല രോഗബാധ കൂടി റിപ്പോർട്ട് ചെയ്തു. കോഴിക്കോട്, തിരുവനന്തപുരം, തൃശൂർ, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിലാണ് രോഗബാധ റിപ്പോർട്ട് ചെയ്തത്. എന്നാൽ ഷിഗെല്ല വ്യാപനം സംസ്ഥാനത്ത് നിയന്ത്രണ വിധേയമാണെന്നും ഇന്നലെ മരണം റിപ്പോർട്ട്

ചെയ്തിട്ടില്ലെന്നും ആരോഗ്യമന്ത്രി അറിയിച്ചു. പ്രതിരോധ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് കാര്യക്ഷമമായി തുടരുന്നുവെന്നും അദ്ദേഹം പറഞ്ഞു .

*******************

## Ebola

എബോള രോഗബാധ സംശയത്തെ തുടർന്ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രത്യേക നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന സൗത്ത് സുഡാനിൽ നിന്നെത്തിയ 54 കാരിയുടെ അന്തിമ പരിശോധനാഫലം നെഗറ്റീവ്. പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എബോള ബാധയില്ലെന്ന് ആരോഗ്യവകുപ്പ് സ്ഥിരീകരിച്ചത്.

## PM - wish- Bengal

പശ്ചിമബംഗാൾ ദിനത്തോടനുബന്ധിച്ച് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ എന്നിവർ ആശംസകൾ നേർന്നു.

******************

*************

*****